ഭരണഭാഷ മാതൃഭാഷ

*നമ്പർ.സി5/11/2015/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.02/05/2015
ഫോൺ - 0471-2580514.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സേവന പുസ്തകം പരിശോധനയ്ക്കു വേണ്ടി ആവശ്യപ്പെടുന്നത് -

സൂചന : 1996-05 വർഷത്തെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടിക

1996-05-ലെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടികയിൽ ഉൾപ്പെടുന്ന റാങ്ക് നമ്പർ 801 മുതൽ 1000 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം (ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട്) നൽകുന്നതിനു വേണ്ടി സർവ്വീസ് സംബന്ധമായ വിവരങ്ങൾ പരിശോധിക്കുന്നതിനായി ടി ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് സർവ്വീസ് കാർഡ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1996-05-ലെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും പിന്നീട് പേരു ചേർക്കപ്പെട്ടിട്ടുള്ളവരുമായ റാങ്ക് നമ്പർ 801 മുതൽ 1000 വരെയുള്ള ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ്/ജില്ല സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഈ സർക്കുലർ പ്രകാരം ടി ജീവനക്കാരുടെ സേവനപുസ്തകം അതാത് ഓഫീസ് മേധാവികൾ/പ്രഥമാധ്യാപകർ 15/05/2015നു മുൻപ് ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

യഥാസമയം സേവനപുസ്തകം ഹാജരാക്കാത്ത ജീവനക്കാരെ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ സബ്-ഓഫീസുകൾക്കും
4. സി4 സെക്ഷൻ